I ഇ.ബി. XV- കേരള നിയമസഭ/XI-14

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂലൈ 4, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

56 (*391) പ്ലസ് വൺ കോഴ്സിന് സ്വന്തം താലൂക്കിൽ അഡ്മിഷൻ ലഭിക്കാൻ നടപടി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ തുടർപഠനം ഉറപ്പാക്കുന്നതിനായി 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിലെ സർക്കാർ സ്കൂളുകളിൽ 30 ശതമാനവും എയ്ഡഡ് സ്കൂളുകളിൽ ഇരുപത് ശതമാനവും അധികമായി ആവശ്യമുള്ളപക്ഷം 10 ശതമാനവും മാർജിനൽ സീറ്റ് വർദ്ധന

അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ടെന്നും ജൂലൈ 2 മുതൽ 4 വരെ സമർപ്പിക്കുന്ന സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷകളിൽ നടപടികൾ പൂർത്തിയാകുന്നതോടെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് 222 വിദ്യാർത്ഥികൾക്ക് മാത്രമാണ് മൂന്നാമത്തെ അലോട്ട്മെന്റിനുശേഷവും ഇഷ്ടവിഷയവും സ്വന്തം താലൂക്കിലുള്ള സ്കൂളിൽ അഡ്മിഷനും ലഭിക്കാത്ത സാഹചര്യമുള്ളത്. മലപ്പുറം ജില്ലയിൽ അധിക ബാച്ചുകൾ അനുവദിക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ജൂലൈ 5-നകം റിപ്പോർട്ട് നൽകാൻ അക്കാദമിക് ജോയിന്റ് ഡയറക്ടർ, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒന്നുമുതൽ പത്ത് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരമുയർത്തുന്നതിന് നടപടികൾ ആരംഭിക്കുകയും മുഴുവൻ അദ്ധ്യാപകർക്കും ശിൽപ്പശാല സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള അക്കാദമിക കലണ്ടറിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾക്ക് പ്രത്യേകം അക്കാദമിക കലണ്ടർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഏകജാലക സംവിധാനം വഴി പ്ലസ് വൺ പ്രവേശനം

ലളിതവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും താലൂക്ക് അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതുസംബന്ധിച്ച് പഠനം നടത്തുമെന്നും അധികമായി അനുവദിച്ച ബാച്ചിൽ ആവശ്യമെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഹയർ സെക്കൻഡറി പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിൽ അവബോധം സൃഷ്ടിക്കുന്നതിന് ടി വിഷയം പത്താം തരം വിദ്യാർത്ഥികളുടെ ഐ.ടി. പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

57 (*392) വിനോദസഞ്ചാര കേന്ദ്രങ്ങൾ അന്തർദേശീയ നിലവാരത്തിലെത്തിക്കാൻ നടപടി

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും സുരക്ഷ/ശുചിത്വം എന്നിവ ഉറപ്പാക്കിയും അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തൊട്ടാകെ ടൂറിസം പോലീസിന്റെയും പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുമാരുടെയും സേവനം ഉറപ്പാക്കിയും വിവിധ

മുന്നറിയിപ്പ് ബോർഡുകൾ, നിരീക്ഷണ ക്യാമറകൾ, സ്ട്രീറ്റ് ലൈറ്റുകൾ എന്നിവ സ്ഥാപിച്ചും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുകയും കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ, കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി, ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിൽ "സേവ് ഗ്രീൻ സേവ് ടൂറിസം" പദ്ധതി എന്നിവ നടപ്പിലാക്കി മാലിന്യ സംസ്കരണം ഉറപ്പാക്കുന്നുണ്ട്. കൂടാതെ, മാലിന്യ മുക്ത നവകേരളം ക്യാമ്പയിൻ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി മാലിന്യ നിർമ്മാർജ്ജനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് ജില്ലാ ഓഫീസർമാർ/ഡി.ടി.പി.സി സെക്രട്ടറിമാർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ നിലവാരമുള്ള ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേൾഡ് ക്ലാസ്സ് ടോയ്‌ലറ്റ് പദ്ധതി നടപ്പിലാക്കുകയും ബേക്കൽ, കാരാപ്പുഴ, പൂക്കോട്, കോഴിക്കോട് ഭട്ട് റോഡ് ബീച്ച്, വർക്കല എന്നിവിടങ്ങളിൽ പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ ഘട്ടത്തിലെത്തിയിരിക്കുന്ന കോവളം ഡെസ്റ്റിനേഷന്റെ

വികസന പദ്ധതിക്കുപുറമെ വർക്കല, മൂന്നാർ, മലമ്പുഴ തുടങ്ങിയ ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സമഗ്ര പദ്ധതി തയ്യാറാക്കിവരികയാണ്. വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള ടൂറിസ്റ്റ് ഗൈഡുകളെ നിയമിച്ച് വിദേശ വിനോദ സഞ്ചാരികൾ നേരിടുന്ന ചൂഷണം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടൂറിസം ക്ലബ്ബുകൾ വ്യാപകമാക്കുകയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്. ലൈഫ് ഗാർഡുകളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയതിനുപുറമെ അവർക്ക് റെസ്റ്റിംഗ് ടെന്റുകൾ സ്ഥാപിക്കുന്നതിനും ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഹൗസ് ബോട്ടുകളിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഈ സാമ്പത്തിക വർഷം തന്നെ എസ്.റ്റി.പി.-കൾ സ്ഥാപിക്കുമെന്നും വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ റേറ്റിംഗ് പദ്ധതി ആവിഷ്കരിക്കുമെന്നും വയനാട് ജില്ലയിൽ സൈലന്റ് ടൂറിസത്തിന്റെ സാധ്യത പരിശോധിക്കുമെന്നും യാത്രാ സൗകര്യത്തിനായി തുരങ്കപാതയ്ക്ക് തുടക്കംകുറിക്കുമെന്നും ഇടുക്കി ജില്ലയിൽ അസ്ട്രോണമി ടൂറിസം സാധ്യതകൾ പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

58 (*393) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ സ്വീകരിച്ച നടപടി

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും പഠനം ഉറപ്പാക്കുകയെന്നതാണ് സർക്കാരിന്റെ നിലപാടെന്നും ഇതിനായി വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾക്കൊപ്പം സ്കൂൾ ഉപേക്ഷിച്ച കുട്ടികളെ തിരികെ എത്തിച്ച് പഠിപ്പിക്കുന്നതിനായി പട്ടികജാതി, തദ്ദേശസ്വയംഭരണം, വനം, സ്പോർട്സ്, ആരോഗ്യം, സാംസ്കാരികം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുമെന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാനും ഹാജർ നില ഉറപ്പുവരുത്താനും ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും സഭയെ അറിയിച്ചു. 'വിദ്യാവാഹിനി' പദ്ധതി മുഖേന യാത്രാസൗകര്യം ഉറപ്പാക്കിയും പട്ടികവർഗ വിഭാഗത്തിൽനിന്നുള്ള അധ്യാപകരെ മെന്റർ ടീച്ചർമാരായി നിയമിച്ചും ഊരുകൾ കേന്ദ്രമാക്കി സാമൂഹ്യപഠന മുറികൾ സജ്ജീകരിച്ചും ട്രൈബൽ പ്രമോട്ടർമാരുടെ സേവനം ഉറപ്പാക്കിയും ആദിവാസി മേഖലയിലെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. GTLPS ഇടമലക്കുടി കേന്ദ്രീകരിച്ച്' എസ്കോർട്ടിംഗ്-ന്റെ സഹായത്തോടെ അടുത്തടുത്ത

ഊരുകളിലെ കുട്ടികളെ സ്കൂളിലെത്തിക്കാനും തിരികെ വീടുകളിലെത്തിക്കാനും നടപടി സ്വീകരിക്കുന്നുണ്ട്. പൊതുഗതാഗത സൗകര്യം ലഭ്യമല്ലാത്ത 1 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന 11352 കുട്ടികൾക്കും വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോയതോ പ്രവേശനം നേടാത്തതോ ആയ 2025 കുട്ടികൾക്കും പ്രതിമാസം 600 രൂപ വീതം അനുവദിച്ചിട്ടുണ്ട്. മലയോര മേഖലയിലെ കുട്ടികളുടെ തുടർപഠനത്തിന് റസിഡൻഷ്യൽ ഹോസ്റ്റലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മെന്റർ ടീച്ചർമാർ, അതിഥിതൊഴിലാളികളുടെ കുട്ടികൾക്ക് പിന്തുണ നൽകുന്ന വിദ്യാവോളന്റിയർമാർ എന്നിവർക്ക് ഒന്നാം ക്ലാസിലെ മാറിയ പാഠപുസ്തകവും സമീപനവും പരിചയപ്പെടുത്തുന്നതിനായി പരിശീലനം സംഘടിപ്പിക്കുകയും മാതൃഭാഷ മലയാളം അല്ലാത്ത പട്ടികവർഗ കുട്ടികൾക്കായി ഭാഷാ അനുരൂപീകരണം (പഠിപ്പുറസ്സി പദ്ധതി) നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കുട്ടികൾ സ്കൂൾ പഠനം അവസാനിപ്പിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നതിനുപുറമെ എല്ലാ വിഭാഗക്കാർക്കും അനുയോജ്യമായ രീതിയിൽ പാഠപുസ്തകങ്ങളുടെയും പാഠ്യ പദ്ധതിയുടെയും പ്രവർത്തനങ്ങളും ഉള്ളടക്കവും ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ തുക വർദ്ധിപ്പിച്ചതിനുപുറമെ മുട്ട, നേന്ത്രപഴം എന്നിവയ്ക്കായി പ്രത്യേകം തുക അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഇൻസ്പയർ ടാലന്റ് എക്സാം, നാഷണൽ മെരിറ്റ്-കം-സ്കോളർഷിപ്പ് പരീഷ, സ്കൗട്ട് ആൻഡ് ഗൈഡ് എന്നിവയെ ഗ്രേസ് മാർക്കിന്റെ പരിധിയിലുൾപ്പെടുത്തുന്ന കാര്യവും തേക്കടി, ചുങ്കം എൽ.പി./യു.പി. സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്ന കാര്യവും പരിശോധിക്കുന്നതാണെന്നും 2024-25 വർഷം സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ 298848 കുട്ടികളും 2 മുതൽ 10 വരെ ക്ലാസുകളിലായി 34554 കുട്ടികളും പുതുതായി പ്രവേശനം നേടിയിട്ടുണ്ടെന്നും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി അധ്യാപകർക്ക് വിവിധ തരത്തിലുള്ള ട്രെയിനിംഗ് നൽകിവരുന്നുണ്ടെന്നും ക്ലസ്റ്റർ ട്രെയിനിംഗിൽ പങ്കെടുക്കാത്ത അദ്ധ്യാപകർക്ക് ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

59 (*394) <u>സ്മാർട്ട് റോഡുകൾ</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കേരളത്തിലെ പ്രധാന നഗരപാതകൾ സ്മാർട്ട് റോഡുകളാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്,

കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ നഗര പാത വികസന പദ്ധതി വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം നഗര പാത വികസന പദ്ധതിയിലുൾപ്പെടുത്തി 42.069 കി.മി. റോഡുകൾ വികസിപ്പിച്ചിട്ടുള്ളതിനുപുറമെ സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി 40 റോഡുകളുടെ നിലവാരം വർധിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ 25 റോഡുകൾ ഗതാഗതയോഗ്യമാക്കുകയും രണ്ട് സ്മാർട്ട് റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കുകയും ബാക്കി റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയുമാണ്. കോഴിക്കോട് നഗരത്തിലെ 22.25 കി.മി. റോഡുകൾ പൂർത്തീകരിക്കുകയും മാനാഞ്ചിറ-വെള്ളിമാട്കുന്ന് അരീക്കാട്, ചെറുവണ്ണൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും 12 റോഡുകളുടെ വികസനത്തിനും ഭരണാനുമതി നൽകുകയും ഭൂമിയേറ്റെടുക്കൽ നടപടി പുരോഗമിക്കുകയുമാണ്. കണ്ണൂർ നഗരത്തിലെ ഗതാഗതകുരുക്കിന് പരിഹാരം കാണുന്നതിനും ലോകോത്തര നിലവാരത്തിലുള്ള റോഡുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുമായുള്ള നഗര പാത വികസന പദ്ധതിയിലുൾപ്പെടുത്തി 11 കോറിഡോറുകളിലായി 40.645 കി.മി. റോഡിൽ 5.50 കിലോമീറ്റർ പ്രവർത്തി ഐറ്റംറേറ്റ് മാതൃകയിൽ ചെയ്യുന്നതിന് 16.15 കോടി രൂപയുടെ

ഭരണാനുമതി നൽകുകയും മറ്റ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്. കൊല്ലം നഗരത്തിലെ 23.76 കി.മി. റോഡുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി 8.341 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി 435,65,03,647/- രൂപയും കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപയും ഭരണാനുമതി നൽകുകയും കണ്ടിജൻസി ചാർജ് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. മാനവീയം വീഥി, കലാഭവൻ മണി റോഡ് എന്നിവ സ്മാർട് റോഡുകളാക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും 10 സ്മാർട്ട് റോഡുകളുടെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. നഗര റോഡുകളുടെ നിർമ്മാണത്തിന് ഡിസൈൻ നയം പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഗ്രാമീണ റോഡുകളിലൂൾപ്പെടെ ഡക്ടുകൾ നിർമ്മിച്ച് വിവിധ കേബിളുകൾ സ്ഥാപിച്ചുകൊണ്ട് ഡിസൈൻ റോഡുകളാക്കി മാറ്റുന്ന ശ്രമമാണ് നടത്തിവരുന്നതെന്നും തൃശ്ശൂർ-കുറ്റിപ്പുറം, തൃശ്ശൂർ-കൊടുങ്ങല്ലൂർ റോഡുകളുടെ പുനർനിർമ്മാണത്തിന് നോഡൽ ഓഫീസറെ നിശ്ചയിച്ചിട്ടുണ്ടെന്നും മന്ത്രിതലത്തിൽ അവലോകനം നടത്തി പുരോഗതി വിലയിരുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.